"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6192 | 20.11.2019 ന് മറുപടിയ്ക്ക്.

**പൂഞ്ഞാർ മണ്ഡലത്തിലെ കോരുത്തോട് മേഖലയിൽ കാട്ടാനയുടെ ശല്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ്: | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ കോരുത്തോട് മേഖലയിൽ കാട്ടാനയുടെ ശല്യം നിയന്ത്രിക്കുവാൻ വനംവകുപ്പ് പുതിയതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കോരുത്തോട് മേഖലയിലെ പട്ടാളക്കുന്ന്, മൈനാകുളം വനഭാഗങ്ങളിലെ കാട്ടാനശല്യം നിയന്ത്രിക്കുന്നതിനായി 5 കി.മീ. സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വനത്തിനുള്ളിൽ ക്യാമറകൾ സ്ഥാപിച്ച് കാട്ടാനകളുടെ വരവ് മുൻകൂട്ടി അറിയുവാൻ ഉള്ള സംവിധാനം നടപ്പിലാക്കുമോ, വിശദമാക്കുമോ; | (ബി) | കാട്ടാനകളുടെ വരവ് മുൻകൂട്ടി അറിയുവാൻ ഒരു ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാട്ടാനകളെ നിയന്ത്രിക്കുവാൻ ഫോറസ്റ്റ് വാച്ചർമാരെ താത് കാലികമായി കോരുത്തോട് മേഖലയിൽ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ, വിശദമാക്കുമോ? | (സി) | കാട്ടാനകളെ നിയന്ത്രിക്കുവാൻ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വരുന്ന എരുമേലി റെയിഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷന് കീഴിലുള്ള കോരുത്തോട് ഭാഗത്ത് സ്റ്റാഫിനെ നിയോഗിച്ചിട്ടുള്ളതും ഇവരെ സഹായിക്കുന്നതിനായി 2 താത്ക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ